LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. മെസേഴ്സ് അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കൊണ്ടുപോകുന്നതിനായി മുതലപ്പൊഴിയിൽ ലോഡ്ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന്റെ ഭാഗമായി ഉണ്ടാക്കിയ ധാരണാപത്രം പ്രകാരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ പ്രവേശന കവാടം, അപ്രോച്ച് ചാനൽ എന്നിവിടങ്ങളിൽ അഞ്ച് മീറ്ററും, ഹാർബർ ബേസിനിൽ മൂന്ന് മീറ്ററും ആഴം വരത്തക്കവിധത്തിൽ മെസേഴ്സ് അദാനി പോർട്ട്സ് മുഖേന ഡ്രഡ്ജിംഗ് നടത്തി ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തീരപ്രദേശത്ത് അശാസ്ത്രീയമായ രീതിയിൽ നിർമ്മാണം നടത്തിയതിന്റെ ഫലമായി തീരശോഷണം ഉൾപ്പെടെയുള്ള വിവിധ പ്രതിസന്ധികൾ നേരിടുന്ന തുറമുഖങ്ങളിലെ പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിച്ച് പരിഹാരം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിലവിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചെന്നൈ നാഷണൽ ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തെക്കെ പുലിമുട്ടിന്റെ ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് തീരശോഷണം നടക്കുന്ന വടക്ക് ഭാഗത്ത് സാൻഡ് ബൈപ്പാസിംഗ് നടത്തി നിക്ഷേപിക്കുന്നതിന് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ചെത്തി ഹാർബർ നിർമ്മാണം

285(2322) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചെത്തി ഹാർബർ നിർമ്മാണത്തിന്റെ പുരോഗതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി KIIFB-യിൽ ഉൾപ്പെടുത്തി 97.43 കോടി രൂപയുടെ ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകി. കരാറുകാരനുമായി KSCADC കരാറിൽ ഏർപ്പെട്ടശേഷം അടിയന്തരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.